(Pages : 4) **G – 2525**

Reg. No. : ..............................

Name : ..................................

# Second Semester B.A./B.Sc./B.Com. Degree Examination, May 2019

## (Career Related First Degree Programme under CBCSS)

## GROUP 2(a)

## Language Course IV – Additional Language – II

## Malayalam

## ML 1211.3 : ദൃശ്യകലാസാഹിത്യം

## (2014 Admission – 2017 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരം എഴുതുക.

1. 'നളചരിതം ആട്ടക്കഥ'യ്ക്ക് കാന്താരതാരകം എന്ന പേരിൽ വ്യാഖ്യാനമെഴുതിയതാര്?

2. മൂന്നുതരം തുള്ളലുകളുടെ പേരെഴുതുക.

3. സി.ജെ.തോമസ് എഴുതിയ നാടകപഠനഗ്രന്ഥം.

4. "ഗ്രാഹം പിടിച്ചപ്പോൾ മോഹവും കലർ-

   ന്നാകമ്പിതമായി ദേഹവും"

   - ആരുടെ വാക്കുകളാണിത്?

5. കഥകളിയിൽ ഉപയോഗിക്കുന്ന വാദ്യങ്ങളേവ?

P.T.O.

6. ''ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരാഹങ്കാര ഗംഭീരപൂരുഷൻ''
- ആരാണ് ഈ ഗംഭീരപൂരുഷൻ?

7. 'നളചരിതം കിളിപ്പാട്ട്' ആരുടെ രചനയാണ്?

8. 'നീലക്കുയിൽ' എന്ന ചലച്ചിത്രത്തിന്റെ തിരക്കഥ എഴുതിയതാര്?

9. മഹാഭാരതത്തിലെ ഭീമസേനന്റെ വിചാരധാരകളെ പുനരാഖ്യാനം ചെയ്ത് എം.ടി. വാസുദേവൻ നായർ എഴുതിയ നോവൽ.

10. '1128-ൽ ക്രൈം 27' എന്ന നാടകമെഴുതിയതാര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. ''മോഹാർണ്ണവത്തിൻ പ്രവാഹത്തിൽ വീണു ഞാൻ
മുഹുരപി മുഴുകുമാറായിതിദാനീം''
- ആരുടെ വാക്കുകളാണിത്? സന്ദർഭമേത്?

12. ''മാരിതമായ് പെരുമ്പാമ്പെടോ സുകു-
മാരിമാർക്കിന്നൊരു കൂമ്പടോ''
- കാട്ടാളന്റെ ഈ വാക്കുകളിലെ മനോഭാവമെന്ത്?

13. കഥകളിയുടെ പ്രാരംഭചടങ്ങുകൾ എന്തെല്ലാം?

14. ശീതങ്കൻതുള്ളലിന്റെ സവിശേഷതകളെന്തെല്ലാം?

15. ''പെണ്ണിന്റെ ചൊൽക്കേട്ടു ചാടിപ്പുറപ്പെട്ട
പൊണ്ണൻ മഹാദോഷനയ്യോ മഹാജളൻ''. ആരുടെ വാക്കുകളാണിത്? സന്ദർഭമേത്?

16. ''ഉത്തരാശാമുഖം നോക്കിപ്പുറപ്പെട്ടു
സത്വരാഹങ്കാരഗംഭീരപൂരുഷൻ''
- ആരെക്കുറിച്ചാണ് ഈ പ്രസ്താവന? യാത്രാലക്ഷ്യമെന്ത്?

17. 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിലെ 'അവൻ' ആരാണ്?

18. ''പാലു കൊടുത്ത കൈയ്യു കടിക്കുന്ന പാമ്പ് ദുഷ്ടൻ ഇവനൊന്നും നരകത്തിലും സ്ഥലം കിട്ടുകേല'' - ആരുടെ വാക്കുകളാണിത്? സന്ദർഭമേത്?

19. ''പ്രായോഗിക ജീവിതസൗകര്യങ്ങൾ മാത്രമല്ലല്ലോ വിവാഹത്തിന്റെ അടിസ്ഥാനം'' എന്ന് മാത്തുക്കുട്ടി പറയാൻ കാരണമെന്ത്?

20. സീൻ, സ്വീക്വൻസ് എന്നിവ എന്താണെന്ന് വിശദമാക്കുക.

21. 'അവൻ നോക്കി നില്ക്കേ തോണി അവനെ തിരിച്ചറിഞ്ഞപോലെ ഇളകുന്നു. ഓളങ്ങളിൽ നൃത്തം വയ്ക്കുന്നു' സന്ദർഭമേത്? വിശദീകരിക്കുക.

22. 'കടവ്' എന്ന പ്രതീകം എന്തിനെ സൂചിപ്പിക്കുന്നു?

**(8 × 2 = 16 Marks)**

III. **120** വാക്കിൽ കവിയാതെ **ആറ്** ചോദ്യത്തിന് ഉത്തരമെഴുതുക.

23. ''പ്രാണരക്ഷണത്തിനൊന്നില്ലാ പ്രത്യുപകാരം

പ്രചുരമാം സുകൃതാദ്യതേ''

- ആരുടെ വാക്കുകളാണിത്? സന്ദർഭമേത്? ഈ പ്രതികരണത്തിന്റെ ഔചിത്യം പരിശോധിക്കുക.

24. നളചരിതത്തിൽ ഉണ്ണായി വാര്യർ തന്റെ പ്രാസപക്ഷപാതം പ്രദർശിപ്പിക്കുന്ന സന്ദർഭമാണ് ദമയന്തി - കാട്ടാളസംഗമം നിരൂപണം ചെയ്യുക.

25. കല്യാണസൗഗന്ധികത്തിലെ കദളീവനവർണ്ണന വിശദീകരിക്കുക.

26. 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിലെ ഉപദേശി.

27. ജീവിതം തന്നെ ഒരു മഹായുദ്ധമാണെന്ന ആശയം 'അവൻ വീണ്ടും വരുന്നു' എന്ന നാടകം പങ്കുവയ്ക്കുന്നു. പരിശോധിക്കുക.

28. കല്യാണസൗഗന്ധികത്തിലെ ദ്രൗപദി - കഥാപാത്രനിരൂപണം ചെയ്യുക.

29. 'കടവി'ലെ രാജു എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

30. പതിനെട്ടാം നൂറ്റാണ്ടിൽ കേരള കലാരംഗത്തിലുണ്ടായ നവോത്ഥാനം ചർച്ചചെയ്യുക.

31. 'എം.ടി. സിനിമകൾ വള്ളുവനാടിന്റെ അതിർത്തികളിൽ ഒതുങ്ങിപ്പോയിരിക്കുന്നു' എന്ന വിമർശനത്തെ യുക്തിപൂർവ്വം അപഗ്രഥിക്കുക.

**(6 × 4 = 24 Marks)**

IV. മൂന്നു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

32. ആട്ടക്കഥാസാഹിത്യത്തിൽ 'നളചരിത'ത്തിന്റെ സ്ഥാനം പരിശോധിക്കുക.

33. 'കവിത ചാട്ടവാറാക്കിയ കവിയാണ് കുഞ്ചൻ നമ്പ്യാർ' എന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.

34. മലയാളനാടകവേദിയെ ആധുനീകരിച്ചവരിൽ പ്രഥമ ഗണനീയനാണ് സി.ജെ. തോമസ്. വിലയിരുത്തുക.

35. എം.ടി. സിനിമകളുടെ പൊതുസവിശേഷതകൾ 'കടവി'നെ ആധാരമാക്കി നിർണ്ണയിക്കുക.

**(2 × 15 = 30 Marks)**

---